പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2743** **21.06.2012 - ൽ മറുപടിക്ക്**

**സിവിൽ സപ്ലൈസ് കോർപ്പറേഷൻ- നെല്ല് സംഭരണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ജി. സുധാകരൻ** | | **ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)** | |
| എ) | ആലപ്പുഴ ജില്ലയിലെ നെൽക്കർഷകർ ഉല്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കാൻ സിവിൽ സപ്ലൈസ് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | എ) | ആലപ്പുഴ ജില്ലയിലെ നെൽകർഷകർ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 4 പാഡി മാർക്കറ്റിംഗ് ഓഫീസർമാർക്ക് വിവിധ താലൂക്കുകളിലായി ചുമതല നൽകിയിട്ടുണ്ട്. ഇവരുടെ കീഴിൽ 15 ഓളം പാഡി അസിസ്റ്റന്റുമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. സപ്ലൈകോയ്ക്കു വേണ്ടി ആലപ്പുഴ ജില്ലയിൽ 42 മില്ലുകൾ സംഭരണത്തിലേർപ്പെട്ടിട്ടുണ്ട്. ജില്ലാ നേതൃത്വവുമായി ബന്ധപ്പെട്ട് ലോറി, വള്ളം, ചുമട്ടുകാർ തുടങ്ങിയ ട്രാൻസ്പോർട്ടേഷൻ സേവനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കർഷകർക്കുള്ള നെല്ലിന്റെ വില നൽകുന്നതിനായി മങ്കൊമ്പിൽ ഒരു പാഡി പെയ്മെന്റ് ഓഫീസും പ്രവർത്തിക്കുന്നുണ്ട്. |
| ബി) | നെല്ല് സംഭരിച്ച വകയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകർക്ക് പണം നൽകുവാനുണ്ടോ; വിശദാംശം അറിയിക്കുമോ; | ബി) | നെല്ലു സംഭരിച്ച വകയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏകദേശം 161.47 കോടി രൂപയോളം ഇനി കർഷകർക്കു നൽകുവാനുണ്ട്. |
| സി) | നെല്ല് സംഭരിച്ചശേഷം സമയബന്ധിതമായി പണം നൽകാത്തതു കാരണം ആലപ്പുഴ ജില്ലയിൽ ആത്മഹത്യ ചെയ്ത കർഷകന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ? | സി) | നെല്ലിന്റെ വില ലഭിക്കാത്തതിനാൽ കർഷകർ ആത്മഹത്യ ചെയ്ത സംഭവങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ.